

ഡോ. വടക്കേടത്ത് പത്മനാഭൻ

# അമിതമായ ഉത്കണ്ഠയും അമിതമായ വൈദ്യവൽക്കരണവും

അമിതമായ വൈദ്യവൽക്കരണമാണ് കേരളത്തിന്റെ ആരോഗ്യപ്രശ്നമെന്നു പറയാറുണ്ട്. ഏതൊരു ടെക്നോളജിയും കടന്നുവരുംമുമ്പ് അതിനാവശ്യമായ ഒരിടം കണ്ടെത്തേണ്ടതുണ്ട്. ആധുനിക വൈദ്യം പ്രധാനമായും ഒരു ടെക്നോളജിയാണ്, വ്യക്തിയുടെ ആരോഗ്യത്തെക്കുറിച്ചുള്ള ഉത്ക്കണ്ഠ വളർത്തുക വഴി, ആധുനിക വൈദ്യ ടെക്നോളജിക്ക് കടന്നുവരാനുള്ള ഇടം സൃഷ്ടിക്കുകയാണ് 'ആധുനികത' ചെയ്തത്. ആരോഗ്യത്തെക്കുറിച്ചുള്ള ബോധവത്ക്കരണം ആദ്യഘട്ടത്തിൽ ഒരു പുരോഗമന പ്രവർത്തനമായി കരുതപ്പെട്ടു. എന്നാൽ പിന്നീടത് ഏതു നിമിഷവും വന്നുപെടാവുന്ന ആരോഗ്യത്തകർച്ചയെക്കുറിച്ചുള്ള മുന്നറിയിപ്പായി മാറുന്നു. അടുത്തഘട്ടത്തിൽ നമ്മെ ചൂഴ്ന്നുനിൽക്കുന്ന രോഗകാരികളിൽ നിന്ന് സുരക്ഷിതമായി ഒളിച്ചോടാനുള്ള വെപ്രാളമാവുന്നു. രോഗത്തെക്കുറിച്ചുള്ള 'ഉത്ക്കണ്ഠാ' രോഗമാണ് കേരളത്തിലെ ഏറ്റവും വലിയ ആരോഗ്യപ്രശ്നം, 'പനിയോ?' എലിപ്പനിയാകാം. ഉടനെ മെഡിക്കൽ കോളേജിലെത്തിക്കുക- ഇതാണ് ആരോഗ്യ ബോധവൽക്കരണത്തിന്റെ ആധുനിക രീതി.

രോഗകാരികളായ ശത്രുസൈന്യത്തിന്റെ മധ്യത്തിൽ നിസ്സഹായനായിപ്പോകുന്ന വ്യക്തിയെ (individual) അതിജീവനശേഷിയുള്ള, ചുറ്റുപാടുമായി സംവദിക്കുന്ന സാമൂഹിക മനുഷ്യനാക്കി (person) മാറ്റുകയാണ്. ഈ ഉത്ക്കണ്ഠയെ മറികടക്കാനുള്ള വഴി.

സാധാരണക്കാരന്റെ ക്രയശേഷിയെ കവച്ചുവയ്ക്കുന്ന ചികിത്സാച്ചെലവ് അമിതവൈദ്യവത്ക്കരണത്തിന് അനുബന്ധമായിവരുന്നുണ്ട് ധർമ്മാശുപത്രി, സൗജന്യ ചികിത്സ എന്നീ സങ്കല്പങ്ങളിൽ നിന്ന് ഭരണകൂടം പിൻവാങ്ങി തുടങ്ങിയതോടെ ഇത് കൂടുതൽ രൂക്ഷമാവുന്നു. പക്ഷേ ചികിത്സയ്ക്ക് വിലവർദ്ധിക്കുന്നത് ആവശ്യക്കാർ ഏറുന്നതു മൂലമാണ്., സംരംഭകത്വമില്ലാത്തവരാണ് മലയാളികൾ. എന്ന ആക്ഷേപത്തെ നിരർത്ഥകമാക്കുന്ന രീതിയിലാണ്. ഇവിടെ പഞ്ചനക്ഷത്ര ആശുപത്രികൾ മുളപൊട്ടുന്നത്. ഭരണകൂടത്തിന്റെ ഇടപെടലിലൂടെ, ഇളവുകളും, സബ്സിഡികളും വഴി, മരുന്നുകൾക്കും രോഗനിർണ്ണയോപാധികൾക്കും ചികിത്സയ്ക്കും വിലകുറയ്ക്കുന്നത് ഒരു താൽക്കാലിക പരിഹാരമായിരിക്കും.

ഇവിടെ നാം കണക്കിലെടുക്കാതെ പോകുന്ന ചില യാഥാർത്ഥ്യങ്ങളുണ്ട്. 'ഹാഥി കമ്മിഷന്റെ' കാലത്ത് ഇന്ത്യയിൽ ആധുനിക വൈദ്യ ചികിത്സ സ്വീകരിച്ചിരുന്നവർ മൊത്തം ജനസംഖ്യയിൽ 20% മാത്രമായിരുന്നു. ഇന്നത് അല്പം കൂടി ഉയർന്നതാവാം. എന്നാലും അത് 50 %മേലെ പോകാൻ സാദ്ധ്യതയില്ല. അതായത് മൊത്തം ആരോഗ്യാവശ്യത്തിന്റെ പകുതി മാത്രമാണ്. ആധുനികവൈദ്യം കൈകാര്യം ചെയ്യുന്നത്. എന്നാൽ ആരോഗ്യമേഖലയിൽ സർക്കാർ ചെലവിന്റെ മുക്കാലെ മുണ്ടാണിയും ആധുനിക വൈദ്യമേഖലയിലാണ്. അപ്പോൾ ഈ സർക്കാർ ചെലവിലുണ്ടാവുന്ന ഏറ്റക്കുറച്ചിൽ, പ്രചരിപ്പിക്കപ്പെടുന്നയത്രയും ആഘാതം ഈ മേഖലയിൽ ഉണ്ടാക്കണമെന്നില്ല. പക്ഷെ, ആധുനിക വൈദ്യശാസ്ത്രത്തെ ആശ്രയിക്കാത്ത മറു പകുതി നാം ശ്രദ്ധിക്കാതെ പോകുകയാണ്. അവിടെ ആരോഗ്യാവശ്യങ്ങൾ എങ്ങനെ നിർവ്വഹിക്കപ്പെടുന്നു എന്നു ശ്രദ്ധിക്കുകയും അതിന്റെ സാധ്യതകൾ പ്രോത്സാഹിപ്പിക്കപ്പെടുകയുമാണെങ്കിൽ പുതിയ സാമ്പത്തിക പരിഷ്ക്കരണ നടപടികളിൽ നിന്നുണ്ടാകുന്ന ആഘാതത്തെ നിഷ്പ്രഭമാക്കാൻ കഴിയും. ആഗോളവൽക്കരണത്തിലെന്നപോലെ ആധുനിക വൈദ്യത്തിനും ബദലുകളില്ല എന്ന പ്രമാണവും വിശ്വാസവുമാണ് അവയെ മറികടക്കാനുള്ള ഏറ്റവും വലിയ തടസ്സം. നമുക്കു ചുറ്റും ശ്രദ്ധിച്ചാൽ തന്നെ (പ്രത്യയശാസ്ത്രങ്ങളുടേയും അക്കാദമിക ജാഡകളുടേയും കൃത്രിമ കണ്ണടകൾ ഊരിവച്ച്) ബദലുകൾ നമുക്ക് കണ്ടെത്താനാകും.

ഒന്നാമതായി തിരിച്ചറിയേണ്ടത് ആരോഗ്യപ്രശ്നങ്ങൾ ആ സവിശേഷ (specialised) മേഖലയിൽ മാത്രമുണ്ടാകുന്നതോ അവിടെ വച്ചുമാത്രം പരിഹരിക്കാവുന്നതോ അല്ലെന്നതാണ്. ഭൂമിയിൽ നിന്നുള്ള അന്യവത്ക്കരണം, ജീവിത ശൈലിയിലെ മാറ്റം, പരമ്പരാഗത ചികിത്സകളുടെ നാശം. ആഡംബരഭ്രമം തുടങ്ങിയവയെല്ലാം ഒരു പ്രത്യേകദിശയിലുള്ള സാമൂഹ്യചലനത്തിന്റെ പ്രകാശനങ്ങളാണ്. ഒരു പ്രത്യേക സങ്കല്പനമാതൃകയ്ക്കനുസൃതമായി സമൂഹം അഴിച്ചു പണിയപ്പെടുന്നതിന്റെ ലക്ഷണങ്ങളാണ്. രാഷ്ട്രീയാർത്ഥത്തിൽ കൊളോണിയലിസമെന്നും സാംസ്കാരികാർത്ഥത്തിൽ പാശ്ചാത്യവത്ക്കരണമെന്നും ഇതിനെ ഏകദേശമായി വ്യവഹരിച്ചു പോകാറുണ്ട്. എന്നാൽ ഇതിന്റെ വ്യാപകമായ അർത്ഥത്തിൽ തത്വചിന്ത മുതൽ ശാസ്ത്രസാങ്കേതികവിദ്യ വരെയും, ഭക്ഷണം മുതൽ കലാസാഹിത്യാദികൾ വരേയും വ്യക്തി മുതൽ പ്രപഞ്ചം വരേയും ഏകമുഖമായി പുനർനിർവ്വഹിക്കപ്പെടുന്നുണ്ട്. സാമൂഹ്യകൂട്ടായ്മകളുടെ ശിഥിലീകരണവും വ്യക്തിയുടെ ഒറ്റപ്പെടലും ചികിത്സയുടെ വ്യാപാരവത്ക്കരണവും സാങ്കേതികവിദ്യയുടെ നിർമ്മാനുഷികതയുമെല്ലാം ഇതിന്റെ പ്രത്യക്ഷീകരണങ്ങളാണ്.

സാമൂഹ്യശിഥിലീകരണത്തിന്റെ ഫലമായി ഒറ്റപ്പെടുന്ന വ്യക്തികളുടെ സംഘർഷങ്ങളിൽ നിന്നാണ് മാനസികാരോഗ്യത്തിന്റെ തകർച്ച വ്യാപകമാകുന്നത്.

ഏകമുഖമായി വികസിക്കുന്ന സമൂഹത്തിന്റെ അതിനനുരൂപമല്ലാത്ത അഭിരുചിയും വ്യക്തിത്വവും വൈകല്യങ്ങളായി മുദ്രകുത്തപ്പെടുന്നു. വ്യത്യസ്തതയെയും വൈവിധ്യത്തേയും ഉൾക്കൊള്ളാത്തവിധം സമൂഹം വിറങ്ങലിച്ചു (Rigid) പോകുന്നതു മൂലമാ



**വഴക്കസ്വഭാവമില്ലാത്ത ഒരു സമൂഹത്തിന്റെ ഒറ്റപ്പെടുന്ന വ്യക്തിയുടെ അമിതമായ ഉത്കണ്ഠയും തുടർന്നുണ്ടാവുന്ന അമിത വൈദ്യവത്ക്കരണവുമാണ്. 'ആധുനികത' സൃഷ്ടിക്കുന്ന ആരോഗ്യരംഗത്തെ പ്രധാനപ്രശ്നം എന്നു തോന്നുന്നു.**

---

ണ് കൂടുതൽ ആളുകൾ മുഖ്യധാരയ്ക്ക് വെളിയിലാവുന്നത്. ആത്മഹത്യയോ മാനസികരോഗമോ ക്രിമിനൈസേഷനോ ആകുന്നു അവരുടെ വഴി. പഠനവൈകല്യം, എഴുത്തു വൈകല്യം, ഉച്ചാരണ വൈകല്യം എന്നിങ്ങനെ എത്രയെത്ര പുതിയ മാനസിക രോഗമാതൃകകളാണ് ദിനംപ്രതി സൃഷ്ടിക്കപ്പെടുന്നത്. ഇവയെല്ലാം യഥാർത്ഥത്തിൽ വ്യത്യസ്തകൾ മാത്രമാണ്. പഴക്കമുള്ള (flexible) ഒരു സമൂഹത്തിൽ ഇവയൊന്നും പ്രശ്നമാവുകയോ പ്രകടമാവുകപോലുമോ ഇല്ല. നിലവിലുള്ള വിദഗ്ധരുടെ ഇടപെടൽ ഇവയ്ക്ക് പരിഹാരമാവുകയില്ല എന്നു മാത്രമല്ല, ഇവയുടെ കമേഴ്സ്യൽ സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യും.

വൈവിധ്യങ്ങളെ ഉൾക്കൊള്ളുന്ന സമൂഹമെന്നു പറയുമ്പോൾ ചികിത്സാസമ്പ്രദായങ്ങളുടെ വൈവിധ്യവും അതിൽ ഉൾപ്പെടുത്തുന്നുണ്ട്. മനുഷ്യനെക്കുറിച്ചും, ആരോഗ്യത്തെക്കുറിച്ചും ചികിത്സയെക്കുറിച്ചുമുള്ള വിവിധ സമീപനങ്ങളാണ് വ്യത്യസ്ത ചികിത്സാരീതികളായി വികസിച്ചു വന്നിട്ടുള്ളത്. 'ആധുനിക'തയുടെ സാമ്പത്തിക-സാംസ്കാരിക സന്ദർഭത്തിൽ അതിന്റെ ഏകമാനമായ മനുഷ്യസങ്കല്പത്തിന് യോജിച്ച ചികിത്സാരീതി എന്ന നിലക്ക് അലോപ്പതിക്ക് ഇന്ന് ആധിപത്യമുണ്ട്. രോഗത്തേയും, ചികിത്സയേയും കുറിച്ചുള്ള ആധികാരികമായ അവസാനവാക്ക് അവരിൽ നിന്നാണ് വരുന്നത്. ഈ ആധികാരിത അതിന്റെ തന്നെ സൃഷ്ടിയല്ല, മറിച്ച് 'ആധുനികത' എന്ന സാമ്പത്തിക- സാംസ്കാരിക - രാഷ്ട്രീയ ക്രമത്തിന്റെ സൃഷ്ടിയാണ്. ഈ ക്രമം നിലനിൽക്കുന്നിടത്തോളം മറ്റെല്ലാ സമ്പ്രദായങ്ങളും സമാന്തരമായോ, ബദലായോ മാത്രമേ നിലനിൽക്കുകയുള്ളൂ. ആധുനികതയുടെ ഏറ്റവും ശക്തമായ സ്ഥാപനം കമ്പോളമാണ്. അലോപ്പതിയുടെ വികാസമെന്നാൽ കമ്പോളത്തിന്റെ വികാസം കൂടിയാണ്. മറിച്ച്, ആയുർവേദത്തിന്റേയോ ഹോമിയോപ്പതിയുടേയോ കാര്യപ്പെടുത്തൽ അവ ഏറ്റവും ശുദ്ധവും ഫലപ്രദവുമായ രൂപത്തിൽ കമ്പോളത്തിന്റെ നിഷേധമാവുന്നു. കമ്പോളവത്ക്കരിക്കുംതോറും മറ്റു ചികിത്സാസമ്പ്രദായങ്ങൾ അതിന്റെ തനിമയിൽ നിന്ന് അകന്നു പോകുന്നു. അതുകൊണ്ടു തന്നെ ബദൽ ചികിത്സാ രീതികളുടെ വൈവിധ്യം കൊണ്ടുമാത്രമെ കമ്പോളത്തിന്റെ കടന്നാക്രമണത്തെ ചെറുക്കാനാവൂ. അതേ സമയം ബദൽ ചികിത്സാരീതികളിൽ പലതും സ്വയം കമ്പോളവത്ക്കരിക്കാൻ ശ്രമിച്ച് അവയുടെ സ്വത്വത്തിൽ നിന്ന് അകലാൻ ശ്രമിക്കുന്ന ദയനീയ ചിത്രവും നമുക്കു മുന്നിലുണ്ട്.

വഴക്കസ്വഭാവമില്ലാത്ത ഒരു സമൂഹത്തിന്റെ ഒറ്റപ്പെടുന്ന വ്യക്തിയുടെ അമിതമായ ഉത്ക്കണ്ഠയും തുടർന്നുണ്ടാവുന്ന അമിത വൈദ്യവത്ക്കരണവുമാണ്. 'ആധുനികത' സൃഷ്ടിക്കുന്ന ആരോഗ്യരംഗത്തെ പ്രധാനപ്രശ്നം എന്നു തോന്നുന്നു. പാരിസ്ഥിതിക ദുരന്തങ്ങളും ജീവിതശൈലിയിലെ ആഡംബരഭ്രമവും ഇതിനനുബന്ധമായുള്ള പ്രശ്നങ്ങളാണ്. ഈ പ്രശ്നങ്ങളുപ്പാടെ. 'ആധുനികത' എന്ന സംസ്കാരിക സന്ദർഭത്തിൽ നിന്നാണുണ്ടാവുന്നത്. സാംസ്കാരിക മായ ഒരു ബദൽ ജനകീയാരോഗ്യപ്രവർത്തനത്തിന്റെ അന്വേഷണത്തിന്റെ പരിധിയിൽ വരുന്നത് അതുകൊണ്ടാണ്. ഇത് ഒരു ക്ലിപ്തമായ കാലഘട്ടത്തിനുള്ളിൽ നേടിയെടുക്കേണ്ട ഒരു ലക്ഷ്യവുമല്ല. എന്നാൽ ജനകീയാരോഗ്യപ്രവർത്തനത്തിന്റെ ഓരോ ചുവടും ഈ അന്വേഷണത്തിന്റെ ഭാഗമാകണം. ഇന്ന് ജനകീയാരോഗ്യപ്രവർത്തനമെന്ന പേരിൽ നടക്കുന്ന പല പ്രവർത്തനങ്ങളും ഈ പാത പിന്തുടരുന്നില്ല. നിലവിലുള്ള വികസന മാതൃകയുടെ കാഠിന്യത്തെ ലഘൂകരിക്കുന്നതിലൂടെ അതിനെ സാധൂകരിക്കുന്ന രീതിയാണ് പിന്തുടരുന്നത്.

ആരോഗ്യകരമായ ഒരു സാംസ്കാരിക ബദൽ എന്നതു കൊണ്ട് രോഗങ്ങളേയില്ലാത്ത ഒരവസ്ഥ എന്നല്ല ഉദ്ദേശിക്കുന്നത്. രോഗം, ആരോഗ്യം, ചികിത്സ തുടങ്ങിയവയെക്കുറിച്ചുള്ള സങ്കല്പങ്ങളിൽ സമൂലമായ ഒരഴിച്ചുപണിയാണ് ലക്ഷ്യമാക്കുന്നത്. നിലവിലുള്ള യാന്ത്രിക ധാരണകൾക്കു പകരം ജൈവികമായ ഒരു സമീപനം ഈ രംഗത്ത് അത്യാവശ്യമാണ്. വ്യക്തിപരവും, സാമൂഹികവും, പാരിസ്ഥിതികവുമായ അനേകവിതാനങ്ങളിൽ ആരോഗ്യത്തെക്കുറിച്ചുള്ള സാകല്യാത്മകമായ ഒരു കാഴ്ചപ്പാട് സാർവ്വത്രികമാകണം. ശത്രുവിനെ നേരിടുന്നതിനുള്ള യുദ്ധതന്ത്രമെന്നതിനു പകരം ജൈവികമായ ഒരു സംതുലനം നേടിയെടുക്കുന്നതിനുള്ള ശ്രമമായി ചികിത്സ തിരിച്ചറിയപ്പെടണം. വൈദ്യനും രോഗിയും തമ്മിലുള്ള ബന്ധം ഒരു വ്യാപാര ഉടമ്പടിയുടേതെന്നതിനു പകരം വ്യക്തിപരമായ ഒരു സംവാദത്തിന്റേതായിരിക്കണം. എങ്കിൽ മാത്രമേ, ചികിത്സ ഒരു 'ചരക്ക്' എന്നതിനു പകരം ഒരു സർഗ്ഗാത്മക പ്രക്രിയ ആയി മാറൂ. രോഗശമനം എന്നത് ഡോക്ടർ നടത്തുന്ന യുദ്ധത്തിലൂടെ നേടിയെടുക്കുന്ന ശത്രുവിജയമല്ലെന്നും ജൈവശരീരത്തിലടങ്ങിയ ആന്തരിക ശക്തിവിശേഷത്തിന്റെ പ്രഭാവമാണെന്നുമുള്ള തിരിച്ചറിവ് വളരെ പ്രധാനമാണ്.

*ഹോമിയോ ഡോക്ടർ,*
*ആരോഗ്യപ്രവർത്തകൻ*

അണ്ണല്ലൂർ-പി.ഒ., ചാലക്കുടി (വഴി),
തൃശ്ശൂർ